(3) വൈകി കിട്ടിയ ഉത്തരങ്ങൾ

അനൗദ്യോഗിക സ്ഥാപനങ്ങൾക്ക് ലഭിക്കുന്ന വിദേശ ഫണ്ട്

134 (3733) ശ്രീ. ടി. എച്ച്. മുസ്തഫ :
പ്രൊഫ. സാവിത്രി ലക്ഷ്മണൻ :
ശ്രീ. കെ. എ. ചന്ദ്രൻ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. ഡി. സുഗതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള ശാസ്ത്ര സാഹിത്യപരിഷത്തിന്റെ ഉപസംഘടനയായ ഇന്റഗ്രേറ്റഡ് റൂറൽ ടെക്നോളജി സെന്റർ എന്ന സ്ഥാപനത്തിന് ഗവൺമെന്റ് എന്തെങ്കിലും സഹായം നൽകുന്നുണ്ടോ ;

(ബി) അതിന്റെ കണക്കുകൾ ഏതെങ്കിലും വകുപ്പോ അക്കൗണ്ടന്റ് ജനറലോ ആഡിറ്റ് ചെയ്യുന്നുണ്ടോ ;

(സി) ഉണ്ടെങ്കിൽ ആര് ആഡിറ്റ് ചെയ്യുന്നു എന്ന് വ്യക്തമാക്കുമോ ;

(ഡി) അനൗദ്യോഗിക സ്ഥാപനങ്ങൾക്ക് ലഭിക്കുന്ന വിദേശ ഫണ്ടിനെപ്പറ്റി അന്വേഷിക്കുവാൻ ഗവൺമെന്റിന് അധികാരമുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ പ്രസ്തുത സ്ഥാപനത്തിന് ഏതെല്ലാം വിദേശരാജ്യങ്ങളിൽ നിന്നും എത്ര ഫണ്ട് ലഭിച്ചിട്ടുണ്ടെന്നും അത് എന്തിനു വേണ്ടിയായിരുന്നുവെന്നും അത് എപ്രകാരം ചെലവഴിച്ചുവെന്നും അന്വേഷിക്കുമോ ?

ഉത്തരം

(എ) ഇന്റഗ്രേറ്റഡ് റൂറൽ ടെക്നോളജി സെന്ററിന് സംസ്ഥാന സർക്കാർ ധനസഹായം നൽകുന്നുണ്ട്.

(ബി&സി) അക്കൗണ്ടന്റ് ജനറൽ ആഡിറ്റ് ചെയ്യുന്നുണ്ട്.

(ഡി) സംസ്ഥാന പോലീസിന് അധികാരം നൽകിയിട്ടില്ല.

(ഇ) ഈ സ്ഥാപനത്തിന് ഒരു വിദേശരാജ്യത്തു നിന്നും ഫണ്ട് ലഭിച്ചിട്ടില്ല എന്നാണറിയിച്ചിട്ടുള്ളത്.

ആരാധനാലയങ്ങളെപ്പറ്റിയുള്ള വിവര ശേഖരണം

135 (3735) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. കെ. സി. വേണുഗോപാൽ :
ശ്രീ. കെ. സി. ജോസഫ് :
ശ്രീ. എ. കെ. മണി :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സെൻസസെടുക്കുന്നതിന്റെ ഭാഗമായി ഏതെല്ലാം മതങ്ങളുടെ ആരാധനാലയങ്ങളെപ്പറ്റിയുള്ള വിവരങ്ങളാണ് ശേഖരിക്കുന്നത് ;

LIBRARY ARCHIVES Kerala Legislative Assembly